പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.989 09.08.2017 ൽ മറുപടിയ്ക്ക്**

**വ്യാജമദ്യത്തിന്റെയും, മയക്കമരുന്നിന്റെയും കടത്ത് തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.റോജി എം.ജോൺ<br>ശ്രീ.എ.പി.അനിൽ കുമാർ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ജി.എസ്.റ്റി. നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് ചെക്ക് പോസ്റ്റുകൾ ഇല്ലാതാകുമ്പോൾ സംസ്ഥാനത്തിനു പുറത്ത് നിന്ന് എത്തുന്ന വ്യാജമദ്യത്തിന്റെയും, മയക്കമരുന്നിന്റെയും കടത്ത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ജി.എസ്.റ്റി. നടപ്പിലാക്കിയതിന് ശേഷവും എക്സൈസ് വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ മുമ്പുണ്ടായിരുന്ന രീതിയിൽ തന്നെ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ 20/05/2017 ലെ ജി.ഒ(എം.എസ്)36/2017/നി.വ ഉത്തരവ് പ്രകാരം സംയോജിത ചെക്ക് പോസ്റ്റുകളുടെ നോഡൽ ഡിപ്പാർട്ട്മെന്റായിരുന്ന വാണിജ്യ നികുതി വകുപ്പിന് പകരമായി എക്സൈസ് വകുപ്പിനെ നോഡൽ ഡിപ്പാർട്ട്മെന്റായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | മേജർ ചെക്ക് പോസ്റ്റുകളിൽ സ്കാനർ സ്ഥാപിച്ച് വ്യാജമദ്യത്തിന്റെയും, മയക്കമരുന്നിന്റെയും വ്യാപനം തടയും എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ചെക്ക് പോസ്റ്റിൽ സ്കാനർ സ്ഥാപിച്ചിട്ടുണ്ടോ; | (ബി) | എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സ്കാനർ സ്ഥാപിച്ചിട്ടില്ല. |
| (സി) | ജി.എസ്.റ്റി. നടപ്പിലാക്കിയശേഷം എത്ര ലിറ്റർ വ്യാജമദ്യവും സ്പിരിറ്റും മയക്കമരുന്നും ചെക്ക് പോസ്റ്റുകളിൽ പിടികൂടി എന്ന് വ്യക്തമാക്കുമോ? | (സി) | ജി.എസ്.റ്റി. നടപ്പിലാക്കിയശേഷം 2017 ജൂലൈ മാസത്തിൽ 130.615 ലിറ്റർ വ്യാജമദ്യവും 6.233 കിലോഗ്രാം കഞ്ചാവും എക്സൈസ് ചെക്ക് പോസ്റ്റുകളിൽ പിടികൂടിയിട്ടുള്ളതാണ്. ഈ കാലയളവിൽ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സ്പിരിറ്റ് പിടികൂടിയിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ